"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ വനിതാ ഗ്രൂപ്പ് അംഗങ്ങൾക്ക് പശുവിനെ വാങ്ങാൻ നല്കിയ തുക സർക്കാർ അക്കൗണ്ടിലേക്ക് പോയതിനാൽ ടി തുക ഗുണഭോക്താവിന് നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1865/2025/LSGD തീയതി,തിരുവനന്തപുരം, 29-07-2025

---

പരാമർശം:-
1. വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12/03/2025-ലെ കത്തും അനുബന്ധ രേഖകളും.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 24/06/2025-ലെ 4.55 നമ്പർ തീരുമാനം.

**ഉത്തരവ്**

നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ 27 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കറവപശുവിനെ വിതരണം ചെയ്യുന്നതിന് 2023-24 വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഗുണഭോക്താക്കൾക്ക് പശുക്കളെ നൽകിയവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും സബ്സിഡി തുകയായ 60,000/- രൂപ വീതം നൽകി. എന്നാൽ ബാങ്ക് അക്കൗണ്ടിലെ പിശക് മൂലം ശ്രീമതി. മോഹിനി. ഇ. എൻ., കരടിമാട് ഹൗസ്, നൂൽപ്പുഴ എന്ന ഗുണഭോക്താവിന് കറവപശുവിനെ ലഭ്യമാക്കിയ ശ്രീ. ഉണ്ണികൃഷ്ണൻ, ഇല്യമ്പത്ത് വീട്, പാക്കം എന്ന വ്യക്തിക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് ട്രഷറി വഴി തുക നൽകിയെങ്കിലും സർക്കാർ അക്കൗണ്ടിലേയ്ക്കാണ് ധനസഹായ തുകയായ 60,000 രൂപ വരവു വച്ചത്. ഈ തുക 2024-25 വർഷമോ, 2025-26 വർഷമോ ഗുണഭോക്താവിന് നൽകാൻ അനുമതി നല്കണമെന്ന പരാമർശം (1) പ്രകാരമുള്ള അപേക്ഷ പരാമർശം (2) പ്രകാരം ചേർന്ന കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിച്ചു.

ഈ തുക സർക്കാർ അക്കൗണ്ടിലേക്കാണ് വരവുവച്ചതെന്ന് ബന്ധപ്പെട്ട ട്രഷറി ഓഫീസർ

സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ തുക നല്കാൻ അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

ജില്ലാ പ്ലാനിംഗ് ഓഫീസർ, വയനാട് ജില്ല.
സെക്രട്ടറി നൂൽപ്പുഴ ഗ്രാമപഞ്ചായത്ത്.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്) കേരള തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(3209990)

ഉത്തരവിൻ പ്രകാരം,
Signed by
Viraj K
Date: 29-07-2025 11:36:15
സെക്ഷൻ ഓഫീസർ